**15 -ാം കേരള നിയമസഭ**

**1 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 22** **07-06-2021 - ൽ മറുപടിയ്ക്ക്**

**സൗജന്യ റേഷനും ഭക്ഷ്യക്കിറ്റും**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം എസ് അരുൺ കുമാർ,<br>ശ്രീ. പി. ടി. എ. റഹീം,<br>ശ്രീ. കെ.കെ. രാമചന്ദ്രൻ,<br>ഡോ സുജിത് വിജയൻപിള്ള | | Shri G R Anil<br>(ഭക്ഷ്യ പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | ലോക്ക്ഡൗൺ കാലത്ത് പ്രതിസന്ധിയിലായ സാധാരണ ജനങ്ങളുടെ പട്ടിണി മാറ്റുന്നതിന് കഴിഞ്ഞ സർക്കാർ നൽകിവന്ന സൗജന്യ റേഷനും ഭക്ഷ്യക്കിറ്റും തുടർന്നും നൽകുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത് എന്ന് അറിയിക്കാമോ; | (എ) | ലോക്ക്ഡൗൺ കാലത്ത് കഴിഞ്ഞ സർക്കാർ നൽകി വന്ന സൗജന്യ ഭക്ഷ്യ കിറ്റ് 2021 മെയ്, ജൂൺ മാസങ്ങളിൽ വിതരണം ചെയ്യുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുണ്ട്. മെയ് മാസത്തിലെ കിറ്റ് വിതരണം തുടർന്നു വരുന്നു. കൂടാതെ എൻ.പി.എസ്, എൻ.പി.എൻ.എസ് വിഭാഗം കാർഡ് ഉടമകൾക്ക് മെയ്, ജൂൺ, ജൂലൈ മാസങ്ങളിൽ 10 കി.ഗ്രാം. സ്പെഷ്യൽ അരി 15 രൂപ നിരക്കിൽ വിതരണം ചെയ്യുന്നതിനും സർക്കാർ തീരുമാനിച്ചിട്ടുണ്ട്. |
| (ബി) | ജനങ്ങൾക്ക് സൗജന്യ റേഷൻസാധനങ്ങൾ നൽകിവരുന്നതിനെതിരെയുള്ള പ്രതിപക്ഷ കക്ഷികളുടെ എതിർപ്പിനെ അവഗണിച്ച് ഇതിനായി കൂടുതൽ തുക വകയിരുത്തുന്നതിന് നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; | (ബി) | സൗജന്യ ഭക്ഷ്യ കിറ്റ് നൽകുന്നതിനെതിരെ പ്രതിപക്ഷ കക്ഷികളുടെ എതിർപ്പ് ശ്രദ്ധയിൽപ്പെട്ടിട്ടില്ല. മെയ് മാസത്തിൽ 11 ഇനം സാധനങ്ങൾ അടങ്ങിയ ഭക്ഷ്യ കിറ്റ് സൗജന്യമായി വിതരണം ചെയ്യുന്നതിന് ആകെ 414.25 കോടി രൂപ അനുവദിച്ചിട്ടുണ്ട്. കിറ്റ് തയ്യാറാക്കി വിതരണം ചെയ്യുന്നതിനാവശ്യമായ 410 കോടി രൂപ സപ്ലൈകോയ്ക്ക് അനുവദിച്ചു നൽകുന്നതിന് സിവിൽ സപ്ലൈസ് ഡയറക്ടറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. |
| (സി) | കോവിഡ് കാലത്ത് സർക്കാർ നൽകിവരുന്ന സൗജന്യ ഭക്ഷ്യക്കിറ്റിനായുള്ള കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ വിഹിതത്തിന്റെ വിശദാംശങ്ങൾ നൽകുമോ? | (സി) | സൗജന്യ ഭക്ഷ്യധാന്യ കിറ്റ് വിതരണം പൂർണ്ണമായും സംസ്ഥാന സർക്കാർ വിഹിതം ഉപയോഗിച്ചാണ് നിർവ്വഹിച്ചു വരുന്നത്. |

സെക്ഷൻ ഓഫീസർ